(സി) ചാർജ്ജ് വ്യതിയാനം മൂലമുണ്ടാകാവുന്ന ലാഭനഷ്ടക്കണക്കുകൾ ഇതുവരെയും തിട്ടപ്പെടുത്തിയിട്ടില്ലെന്ന് ബി. എസ്. എൻ. എൽ. അറിയിച്ചിട്ടുണ്ട്.

കുട്ടനാട്ടിലെയും പാലക്കാട്ടെയും കൃഷിക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾ.

6 (*361) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ നെൽകൃഷിക്കാർക്കും കുട്ടനാട്ടിലെ കോൾ നിലം കൃഷിക്കാർക്കും ഗവൺമെന്റ് എന്തെല്ലാം പ്രോത്സാഹനങ്ങൾ ചെയ്യുന്നുണ്ട് ;

(ബി) പാലക്കാട്ടെ നെൽകൃഷിക്കാർക്ക് ഇതിന് തുല്യമായി എന്തു പ്രോത്സാഹനം കൊടുക്കുന്നു ;

(സി) കുട്ടനാട്ടിൽ പമ്പിംഗ് സബ്സിഡി നൽകുന്നതുപോലെ പാലക്കാട് ഇറിഗേഷൻ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) കുട്ടനാട്ടിലെ നെൽകൃഷിക്കാർക്ക് കേന്ദ്ര സംസ്ഥാനാവിഷ്കൃതമായ വിവിധ പദ്ധതികളിലായി താഴെ പറയുന്ന പദ്ധതികൾ വഴി ആനുകൂല്യങ്ങൾ നൽകുന്നു.

1. ഗ്രൂപ്പു ഫാമിംഗ് പദ്ധതിപ്രകാരം ഹെക്ടറിന് ആയിരം രൂപ സബ്സിഡി നൽകുന്നു ;
2. നെൽവികസന ഏജൻസികൾ വഴി നെൽപ്പാടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ധനസഹായം നൽകുന്നു ;
3. നല്ലയിനം വിത്തുൽപ്പാദിപ്പിച്ച് കൃഷിക്കാർക്ക് വിതരണം നടത്തുന്നതിനായി വിത്ത് വികസന അതോറിറ്റി വഴി ആനുകൂല്യം നൽകുന്നു ;
4. സംയോജിത വളപ്രയോഗ പദ്ധതിപ്രകാരം നെൽകൃഷിക്കാർക്ക് പച്ചിലവിളവിത്ത്, ജീവാണുവളങ്ങൾ ഇവ വിതരണം ചെയ്യുന്നു ;
5. സംയോജിത കീടനിയന്ത്രണം - പദ്ധതിയിൽ ഉൾപ്പെടുത്തി കീടനിയന്ത്രണത്തിനായി നെൽകൃഷിക്കാർക്ക് ആനുകൂല്യവും പരിശീലനവും നൽകി വരുന്നു ;
6. പ്രദർശനതോട്ടം പദ്ധതിപ്രകാരം പ്രാദേശികാടിസ്ഥാനത്തിൽ മാതൃക പാടങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

7. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നു.

8. ഉൽപ്പാദന ബോണസായി ഹെക്ടറിന് 350 രൂപ വീതം കർഷകർക്ക് നൽകുന്നു.

9. സൗജന്യവൈദ്യുതി - നെൽകൃഷിക്കാർക്ക് ജലസേചനത്തിനായി കൃഷിവകുപ്പിലൂടെ സൗജന്യവൈദ്യുതി പദ്ധതിയും പമ്പിംഗ് സബ്സിഡി റവന്യൂ വകുപ്പിലൂടെയും നൽകുന്നുണ്ട് ;

10. ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്കായി യന്ത്രവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി, പവ്വർ ടില്ലർ, ട്രാക്ടർ, പെട്ടിയും പറയും കൊയ്ത്തുമെതി യന്ത്രം എന്നിവ നൽകി വരുന്നു ;

11. ശാസ്ത്രീയ മണ്ണുപരിശോധന - പദ്ധതി പ്രകാരം പാടത്തിലെ മണ്ണു പരിശോധിച്ചു ശാസ്ത്രീയമായ വളപ്രയോഗം നടത്താൻ കൃഷിക്കാരെ സഹായിക്കുന്നു.

12. വിപണനം - നെല്ലിന്റെ ഉല്പാദനവും വിപണനവും ഏകോപിപ്പിച്ച് കർഷകർക്ക് ന്യായമായ വില ലഭ്യമാക്കാൻ നെല്ലിന് താങ്ങുവില നൽകി നെല്ല് സംഭരിക്കുന്നുണ്ട് ;

(ബി) പാലക്കാട് നെൽകൃഷിക്കാർക്ക് കുട്ടനാട്ടിലെ കൃഷിക്കാർക്ക് നൽകുന്ന പമ്പിംഗ് സബ്സിഡി ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

"വനാന്തർഭാഗത്തുള്ള നദിയിൽനിന്നുള്ള മണൽവാരൽ"

7 (*362) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് വനാന്തർഭാഗത്തുള്ള നദികളിൽനിന്ന് വനേതര ആവശ്യങ്ങൾക്കായി മണൽവാരിയ സംഭവം ഉണ്ടായിട്ടുണ്ടോ ;

(ബി) അപ്രകാരം മണൽ വാരുന്നതിനുള്ള അനുമതിക്കുവേണ്ടി സമർപ്പിച്ച അപേക്ഷ അനുവദിക്കാൻ പാടില്ലെന്ന് ബന്ധപ്പെട്ട വനം വകുപ്പുദ്യോസ്ഥർ ശുപാർശ ചെയ്തിട്ടും അപേക്ഷ അനുദിക്കുകയോ, അപേക്ഷ അനുവദിച്ചില്ലെങ്കിൽപ്പോലും മണൽ വാരുകയോ ചെയ്ത സംഭവം അക്കാലത്ത് ഉണ്ടായിട്ടുണ്ടോ ;

(സി) അതേപ്പറ്റി ആരോപണം ഉണ്ടായിട്ടുണ്ടോ ;

(ഡി) പ്രസ്തുത സംഭവം സംബന്ധിച്ച് ഏതെങ്കിലും കേസ് കൊടുത്തിരിന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly